"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സൈനികക്ഷേമ വകുപ്പ് - കേരള സംസ്ഥാന വിമുക്തഭടവികസന പുനരധിവാസ കോർപ്പറേഷൻ (കെക്സ്കോൺ) - ന് 4235-02-190-96(പ്ളാൻ) എന്ന മൂലധന ശീർഷകത്തിൽ നിന്നും 1,20,000/- രൂപ (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സൈനികക്ഷേമ(എ) വകുപ്പ്**

സ.ഉ.(സാധാ) നം.43/2023/SWD തീയതി,തിരുവനന്തപുരം, 19-06-2023

---

പരാമർശം:- 1. 28.03.2023 ലെ സ.ഉ(സാധാ) നം.20/2023/SWD നമ്പർ ഉത്തരവ്

2. സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ-ഇൻ-ചാർജ്- ന്റെ 08.05.2023 ലെ DSW/597/2022-D3 നമ്പർ കത്ത്.

**ഉത്തരവ്**

കെക്സ്കോണിന് 2022-23 സാമ്പത്തിക വർഷം 4235-02-190-96- വിമുക്തഭടന്മാരുടെ വികസനത്തിനും പുനരധിവാസത്തിനുമുള്ള കോർപ്പറേഷൻ ഓഹരി മൂലധന അംശദാനം എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10,00,000/- രൂപയിൽ നിന്നും 1,20,000/- രൂപ രണ്ടാം ഗഡുവായി റിലീസ് ചെയ്തുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത ഫണ്ട് റിലീസ് ചെയ്യുന്നതിനുള്ള ബിൽ 2022-23 സാമ്പത്തിക വർഷം ട്രഷറിയിൽ സമർപ്പിച്ചെങ്കിലും ബിൽ പാസ്സാക്കാതെ ട്രഷറി ക്യൂവിൽ ഉൾപ്പെടുത്തിയതിനാൽ കെക്സ്കോണിന് ഫണ്ട് അനുവദിക്കുവാൻ സാധിച്ചില്ലായെന്നും ആയതിനാൽ 2023-24 സാമ്പത്തിക വർഷം 4235-02-190-96- വിമുക്തഭടന്മാരുടെ വികസനത്തിനും പുനരധിവാസത്തിനുമുള്ള കോർപ്പറേഷൻ ഓഹരി മൂലധന അംശദാനം എന്ന ശീർഷകത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള 10,00,000/- രൂപയിൽ നിന്നും പ്രസ്തുത 1,20,000/- രൂപ റിലീസ് ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്നും പരാമർശം (3) പ്രകാരം സൈനിക ക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ-ചാർജ് സർക്കാരിനോട് അഭ്യർത്ഥിച്ചിരുന്നു.

2. സർക്കാർ ഈ വിഷയം പരിശോധിച്ചു. കേരള സംസ്ഥാന വിമുക്തഭട വികസന പുനരധിവാസ കോർപ്പറേഷന് "4235-02-190-96(പ്ളാൻ)" എന്ന മൂലധന

ശീർഷകത്തിൽ നിന്നും 1,20,000/- (ഒരു ലക്ഷത്തി ഇരുപതിനായിരം രൂപ മാത്രം) ചുവടെ പറയുന്ന ഫണ്ട് റിലീസ് വ്യവസ്ഥകൾക്കു വിധേയമായി അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

i) 16/04/2018-ലെ സ ഉ (പി)62/18/ധന യിലെ വ്യവസ്ഥക്ക് വിധേയമായി ടി തുക ട്രഷറിയിലെ PSTSB അക്കൗണ്ടിൽ മാത്രമേ നിക്ഷേപിക്കാൻ പാടുള്ളൂ.

ii) 9/12/08-ലെ സർക്കുലർ നം.84/2008/ധന-ലെയും 30/01/18-ലെ സർക്കുലർ നം. 08/18/ധന-ലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.

iii) അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09.01.2020-ലെ സ ഉ (കൈ) നം 04/2020/ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധന വകുപ്പിന് സമർപ്പിക്കേണ്ടതാണ്. കൂടാതെ, 11.09.2020-ലെ സ.ഉ.(കൈ)നം. 93/2020/ധന തീയതി പ്രകാരം ഓഡിറ്റ് ചാർജ്ജ് കുടിശ്ശികയില്ലെന്ന സാക്ഷ്യപത്രം കൂടെ സമർപ്പിക്കേണ്ടതാണ്.

iv) വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേയ്ക്ക് തിരിച്ചടക്കേണ്ടതാണ്.

3. പ്രസ്തുത തുക കെക്സ്കോണിനു റിലീസ് ചെയ്തു നൽകുന്നതിനുള്ള നടപടി സൈനികക്ഷേമ വകുപ്പ് ഡയറക്ടർ ഇൻ ചാർജ്ജ് സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

പകർപ്പ് -
1.മാനേജിംഗ് ഡയറക്ടർ, കെക്സ്കോൺ, തൈക്കാട്, തിരുവനന്തപുരം
2.ഡയറക്ടർ, സൈനിക ക്ഷേമ വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
3.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
4.അക്കൗണ്ടന്റ് ജനറൽ(എ&ഇ) കേരള, തിരുവനന്തപുരം.
5. ധനകാര്യ (പിയു-സി) വകുപ്പിന്റെ(16.06.2023ലെ 2448808/PU-C3/86/2023/Fin) നമ്പർ കുറിപ്പ് പ്രകാരം
6.സബ് ട്രഷറി ഓഫീസർ, വികാസ് ഭവൻ, തിരുവനന്തപുരം
7.ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ, ഐ&പി ആർ.ഡി
8.കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ